**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 599** **11-11-2021 - ൽ മറുപടിയ്ക്ക്**

**കിടാരി പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി.സി. മുകുന്ദൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഉയർന്ന രോഗ പ്രതിരോധ ശേഷിയും മികച്ച ഉല്പാദന ശേഷിയുമുള്ള കന്നുകുട്ടികളെ സംസ്ഥാനത്ത് തന്നെ വികസിപ്പിച്ചെടുത്ത് കർഷകർക്ക് ലഭ്യമാക്കുന്നതിന് ആരംഭിച്ച കിടാരി പാർക്കിന്റെ പ്രവർത്തനം അവലോകന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ക്ഷീരമേഖലയിൽ ഭാവിയിലേയ്ക്ക് ആവശ്യമായ കാലിസമ്പത്ത് സംസ്ഥാനത്തു തന്നെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 2018-19 സാമ്പത്തിക വർഷം മുതൽ കിടാരി പാർക്ക് പദ്ധതിക്ക് തുടക്കമിട്ടു. നിലവിൽ 4 കിടാരി പാർക്കുകളിലായി 300 കിടാരികളെ വളർത്തുന്നു. ശാസ്ത്രീയ പരിചരണത്തിലൂടെയും ചിട്ടയായ തീറ്റക്രമത്തിലൂടെയും വളർത്തിയെടുക്കുന്ന ഉരുക്കളിൽ നിന്ന് ആരോഗ്യകരവും അത്യുല്പാദന ശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ തന്നെ വളർത്തിയെടുക്കാൻ പദ്ധതി സഹായിക്കുന്നു. നാളിതുവരെ 4 കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിനായി 68.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ മേൽകടയ്ക്കാവൂർ, പാലക്കാട് ജില്ലയിൽ ചിറ്റൂർ, മൂലത്തറ എന്നീ സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിൽ ചിത്താരി എന്ന സ്ഥലത്തുമാണ് നിലവിൽ കിടാരി പാർക്കുകൾ പ്രവർത്തിച്ചു വരുന്നത്. കിടാരികൾ പ്രസവിച്ചു കറവപശുക്കൾ ആകുന്ന മുറയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെട്ട കർഷകർക്ക് മിതമായ വില ഈടാക്കി നൽകുകയാണ് ചെയ്യുന്നത്. |
| (ബി) | ഇടനിലക്കാർ വഴിയുള്ള വലിയ തോതിലുള്ള ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | സർക്കാർ മേൽനോട്ടത്തിൽ നടത്തുന്ന പദ്ധതിയായതിനാൽ ഇടനിലക്കാർ ഇല്ലാതെ കർഷകർക്ക് മിതമായ വിലയിൽ ഗുണമേന്മയുള്ള പശുക്കളെ കിടാരി പാർക്കുകളിൽ നിന്നും നൽകാൻ കഴിയുന്നുണ്ട്. ഇത് വഴി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ സാധിക്കുന്നു. |
| (സി) | കിടാരി പാർക്കിലൂടെ കർഷകർക്ക് ലഭ്യമാകുന്ന കന്നുകാലികളുടെ ഗുണനിലവാരം | (സി) | കിടാരി പാർക്കുകളിൽ ശാസ്ത്രീയ പരിചരണത്തിലൂടെയും ചിട്ടയായ |

| | | | |
|---|---|---|---|
| | ഉറപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | | തീറ്റക്രമത്തിലൂടെയും വളർത്തിയെടുക്കുന്ന ഉരുക്കളിൽ നിന്ന് ആരോഗ്യകരവും അത്യുല്പാദന ശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ വളർത്തിയെടുക്കാൻ സാധിക്കുന്നു. കൂടാതെ കേരളത്തിന്റെ കാലാവസ്ഥയിൽ വളരുന്നതിനാൽ ഇവയുടെ രോഗപ്രതിരോധ ശേഷി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പശുക്കളെക്കാൾ കൂടുതലായിരിക്കും. ആയതുകൊണ്ടു തന്നെ ഇവിടെ വളർത്തുന്ന കിടാരികൾ ഗുണനിലവാരമുള്ളതായിരിക്കും. |
| (ഡി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് കിടാരി പാർക്കുകൾ ആരംഭിച്ചിട്ടുള്ളതെന്നും കൂടുതൽ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഡി) | സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ മേൽകടയ്ക്കാവൂർ, പാലക്കാട് ജില്ലയിൽ ചിറ്റൂർ, മൂലത്തറ എന്നീ സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിൽ ചിത്താരി എന്ന സ്ഥലത്തുമാണ് നിലവിൽ കിടാരി പാർക്കുകൾ പ്രവർത്തിച്ചു വരുന്നത്. കൂടുതൽ കിടാരിപാർക്കുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ